"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനികക്ഷേമ വകുപ്പ് - വിമുക്തഭടന്മാരുടെ വിവരങ്ങൾ ഡിജിറ്റൽ ഫോർമാറ്റിലേയ്ക്ക് മാറ്റുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനികക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.20/2026/SWD തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:- സൈനികക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജിന്റെ 23.05.2025-ലെ DSW/389/2025-C3 നമ്പർ കത്ത്.

**ഉത്തരവ്**

വിമുക്തഭടന്മാരുടെ വിവരങ്ങൾ ഡിജിറ്റൽ ഫോർമാറ്റിലേയ്ക്ക് മാറ്റുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് ഭരണാനുമതിയും ഫണ്ടും ആവശ്യപ്പെട്ട് പരാമർശപ്രകാരം സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജ് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിലുള്ള കുറവ് മൂലവും രണ്ട് ലക്ഷത്തിലധികം വിമുക്തഭടന്മാരുടെ വിവരങ്ങൾ ഡിജിറ്റൽ ഫോർമാറ്റിലേയ്ക്ക് മാറ്റേണ്ട സാഹചര്യം ഉള്ളതിനാലും പ്രസ്തുത കാര്യത്തിനായി പരിശീലനം ലഭിച്ച വിമുക്തഭടന്മാരെ താൽക്കാലിക നിയമനങ്ങളുമായി ബന്ധപ്പെട്ട് ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ ഡാറ്റ എൻട്രി ഓപ്പറേറ്റർമാരായി നിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒരു ജില്ലയ്ക്ക് ഒരാൾ എന്ന നിലയിൽ 11 ജില്ലാ ഓഫീസുകളിലേയ്ക്ക് രണ്ട് മാസത്തേക്കും വിമുക്തഭടന്മാർ കുറവുള്ള 03 ജില്ലകളിലേയ്ക്ക് ഒരു മാസത്തേക്കുമാണ് ഡാറ്റ എൻട്രി ഓപ്പറേറ്റർമാരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടത്. ഇതിനാവശ്യമായ തുക 2235-60-200-87-00-99-IT ശീർഷകത്തിൽ അധികമായി വകയിരുത്തുന്നതിനായി ഉചിതമായ ഏതെങ്കിലും ശീർഷകത്തിൽ നിന്നും മിച്ചം കണ്ടെത്തി ധനപുനർവിനിയോഗ ശിപാർശ സമർപ്പിക്കുന്നതിനുള്ള നടപടി സൈനിക ക്ഷേമ ഡയറക്ടർ ഇൻ-ചാർജ്ജ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുഹമ്മദ് റിയാസ്

അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. ഡയറക്ടർ, സൈനികക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
4. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
5. ട്രഷറി ഓഫീസർ, സബ് ട്രഷറി, വികാസ് ഭവൻ, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (05.02.2026-ലെ 3198608: EXP-D4/94/2025-FIN പ്രകാരം).
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Shailakumari. M
Date: 11-02-2026 12:36:50
സെക്ഷൻ ഓഫീസർ